"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിൽ കല്യാണമണ്ഡപവും ഘടകസ്ഥാപന ഓഫീസുകളും നിർമ്മിക്കുന്നതിന് KURDFC യിൽ നിന്ന് വായ്പ എടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

G.O.(Rt)No.797/2020/LSGD തീയതി,തിരുവനന്തപുരം 28/04/2020

പരാമർശം:- 1 സ.ഉ.(എം.എസ്) നം.147/2009/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

2 അടിമാലി ഗ്രാമപഞ്ചായത്തിന്റെ 22/10/2019-ലെ യോഗത്തിലെ 17(1) നമ്പർ തീരുമാനം.

3 പഞ്ചായത്ത് ഡയറക്ടറുടെ 19.12.2019-ലെ PAN/15460/2019-F3(DP) നമ്പർ കത്ത്

ഉത്തരവ്

ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ഗ്രാമപഞ്ചായത്ത് കാര്യാലയത്തോട് ചേർന്ന് 2019 - 20 സാമ്പത്തിക വർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുത്തി കല്യാണ മണ്ഡപവും, ഘടകസ്ഥാപന ഓഫീസുകളും നിർമ്മിക്കുന്നതിന് പദ്ധതിയുടെ അടങ്കൽ തുകയായ 6.5 കോടി രൂപയുടെ 75 ശതമാനം ആയ 4.875 കോടി രൂപ കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്ന് വായ്പ എടുക്കുന്നതിനും ബാക്കി വരുന്ന തുക തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനും പരാമർശം (2) പ്രകാരം ഭരണസമിതി തീരുമാനം എടുത്തിരുന്നു. ടി പദ്ധതിയ്ക്കായി അടിമാലി ഗ്രാമപഞ്ചായത്തിന് കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും 4,87,50,000/- രൂപ വായ്പ എടുക്കുന്നതിനുള്ള അനുമതിയ്ക്കായി അടിമാലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയോടെ ലഭ്യമാക്കിയിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒന്ന് ഉത്തരവിലെ നിബന്ധനയ്ക്ക് വിധേയമായി 2019 - 20 സാമ്പത്തിക വർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുത്തി അടിമാലി ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ഗ്രാമപഞ്ചായത്ത് കാര്യാലയത്തോട് ചേർന്ന് കല്യാണ മണ്ഡപവും, ഘടകസ്ഥാപന ഓഫീസുകളും നിർമ്മിക്കുന്നതിന് അടങ്കൽ തുകയായ 6.5 കോടി രൂപയുടെ 7 5 ശതമാനം ആയ 4,87,50,000/- രൂപ (നാല് കോടി എൺപത്തി ഏഴ് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് 1963 പ്രകാരം 10% പലിശ നിരക്കിൽ 8 വർഷക്കാലാവധിയിൽ തവണകളായി തിരിച്ചടവ് വരത്തക്ക വിധം കെ.യു.ആർ.ഡി.എഫ്.സിയിൽ നിന്നും വായ്പയെടുക്കുന്നതിന് അടിമാലി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി, തിരുവനന്തപുരം- 14.

സെക്രട്ടറി, അടിമാലി ഗ്രാമപഞ്ചായത്ത്, ഇടുക്കി ജില്ല.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ